ഉത്തരം

(എ) – (സി) പുതിയ നിബന്ധനകൾ ഒന്നുംതന്നെ ഏർപ്പെടുത്തിയിട്ടില്ല.

(ഡി) & (ഇ) 4-6-2005-ന് കണ്ണൂർ സെൻട്രൽ ജയിലിൽ തടവുകാരെ സന്ദർശിക്കാൻ വന്ന നിയമസഭാ സാമാജികനും മറ്റ് ജനപ്രതിനിധികൾക്കും സന്ദർശനം നിഷേധിച്ചിട്ടില്ല. എന്നാൽ ചട്ടം മറികടന്ന് എല്ലാവർക്കും ഒരേ സമയം തടവുകാരെ സന്ദർശിക്കുന്നതിനുള്ള അനുമതി നിഷേധിച്ചതിൻമേൽ ലഭിച്ച പരാതിയെപ്പറ്റി അന്വേഷിച്ചുവരുന്നു.

(എഫ്) അപ്രകാരമുള്ള ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. നിലവിലുള്ള ചട്ടം പാലിക്കുകയേ ചെയ്തിട്ടുള്ളൂ.

വെടിവച്ചതിനുശേഷം പണം തട്ടിയെടുക്കാൻ ശ്രമിച്ച കേസ്

28 [84] *ശ്രീ. സി. കെ. നാണു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകരയിലെ വില്യാപ്പള്ളിയിൽ അനിൽകുമാർ, അൻവർ എന്നിവരെ വെടിവച്ച് പണം തട്ടിയെടുക്കാൻ ശ്രമിച്ച കേസിന്റെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) വെടിയേറ്റവരുടെ കുടുംബത്തിനും നാട്ടുകാർക്കും ഉള്ള വിഷമതകൾ പരിഹരിക്കാൻ അടിയന്തിരമായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇതുസംബന്ധിച്ച് വടകര പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 700/2001 കേസിൽ രണ്ടാം പ്രതിയെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും കോടതിയിൽനിന്നും ജാമ്യം അനുവദിച്ചിട്ടുള്ളതുമാണ്. ഒന്നാം പ്രതി വിദേശത്തായതിനാൽ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. മൂന്നാം പ്രതിയെ തിരിച്ചറിഞ്ഞിട്ടില്ല. കേസ് അന്വേഷണം തുടർന്നുവരികയാണ്.

(ബി) ടി കേസിൽ അറസ്റ്റ് ചെയ്യാനുള്ള പ്രതികളെ അറസ്റ്റ് ചെയ്ത് കുറ്റപത്രം സമർപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

രജനി എസ്. ആനന്ദ് എന്ന എഞ്ചിനീയറിംഗ് വിദ്യാർത്ഥിനിയുടെ ആത്മഹത്യ

29 [97] *ശ്രീ. കെ. വി. കുഞ്ഞിരാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് രജനി എസ്. ആനന്ദ് എന്ന എഞ്ചിനീയറിംഗ് വിദ്യാർത്ഥിനിയുടെ ആത്മഹത്യയെക്കുറിച്ച് അന്വേഷിക്കുന്നതിന് ഈ സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly